I/75839/2023

**"ഭരണഭാഷ-മാതൃഭാഷ"**

നമ്പർ: KTDS/282/2023- B

ഡയറക്ടറേറ്റ് ഓഫ് കിർടാഡ്സ്
കോഴിക്കോട്- 673 017
ഫോൺ നമ്പർ: 0495 2356805
ഇ-മെയിൽ: kirtads@gmail.com
kirtads@kerala.gov.in

തീയ്യതി: 12-04-2023

## ക്വട്ടേഷൻ/ലേല പരസ്യം

കിർടാഡ്സ് ഹെഡ്ക്വാർട്ടേഴ്സ് പരിസരത്തെ ഫലവൃക്ഷങ്ങളിൽ നിന്നും ഒരു വർഷത്തെ കാലയളവിൽ ലഭ്യമാകുന്ന യോഗ്യമായ കായ്ഫലങ്ങൾ (തേങ്ങ, മാങ്ങ, ചക്ക മുതലായവ) എടുക്കുന്നതിനുള്ള അവകാശം 2023 ഏപ്രിൽ 25 ന് ആഫീസ് പരിസരത്ത് വെച്ച് പരസ്യമായി ലേലം ചെയ്തു കൊടുക്കുന്നതാണ്.

ലേലത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ ലേല സമയത്ത് 1,000/- രൂപ (ആയിരം രൂപ മാത്രം) നിരതദ്രവ്യം കെട്ടിവയ്ക്കേണ്ടതാണ്. ലേലം കഴിഞ്ഞാൽ ലേലം ലഭിക്കാത്തവർക്ക് നിരതദ്രവ്യം തിരിച്ചു നൽകുന്നതാണ്. സർക്കാർ ലേലം സംബന്ധിച്ച എല്ലാ വ്യവസ്ഥകളും ഈ ലേലത്തിനും ബാധകമാണ്. പരസ്യലേലത്തോടൊപ്പം മുദ്രവെച്ച കവറുകളിൽ ക്വട്ടേഷനുകളും സ്വീകരിക്കുന്നു. ക്വട്ടേഷനുകൾ സമർപ്പിക്കുന്നതിൻറെ കൂടെ 1,000/ രൂപ (ആയിരം രൂപ മാത്രം) നിരതദ്രവ്യമായി സീൽഡ് കവറിൽ "ഡയറക്ടർ, ഡയറക്ടറേറ്റ് ഓഫ് കിർടാഡ്സ്, കോഴിക്കോട്" എന്ന പേരിൽ മാറാവുന്ന ഡിമാൻറ് ഡ്രാഫ്റ്റ് ആയി ഹാജരാക്കേണ്ടതാണ്. മുദ്രവെച്ച കവറുകൾ തലേദിവസം (പ്രവൃത്തി ദിവസം) 24/04/2023 ന് വൈകുന്നേരം 5.00 മണി വരെ സ്വീകരിക്കുന്നതായിരിക്കും.

ലേലത്തിനു ശേഷം കവറുകൾ തുറന്നു പരിശോധിക്കുന്നതും, ലേലത്തിലോ, ക്വട്ടേഷനിലോ ഏതാണ് കൂടുതൽ, ആ തുകയ്ക്ക് ലേലം ഉറപ്പിക്കുന്നതുമായിരിക്കും.

ലേലം ഉറപ്പിക്കുന്നയാൾ തത്സമയം തന്നെ വാഗ്ദാനം ചെയ്ത തുകയുടെ 50% ഓഫീസിൽ അടക്കേണ്ടതാണ്. ബാക്കി തുക ലേലം സ്ഥിരപ്പെടുത്തിയ ഉത്തരവ് കൈപ്പറ്റി 14 ദിവസത്തിനുള്ളിലും അടക്കേണ്ടതാണ്. ഇതു സംബന്ധിച്ച കൂടുതൽ വിവരങ്ങൾ വകുപ്പിൻറെ **www.kirtads.kerala.gov.in** എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

Signed by
Sreedhanya Suresh
Date: 12-04-2023 15:58:55

ഡയറക്ടർ

I/75839/2023

1. നോട്ടീസ് ബോർഡ്
2. കളക്ട്രേറ്റ്, കോഴിക്കോട്
3. വില്ലേജ് ഓഫീസ്, ചേവായൂർ
4. താലൂക്ക് ആഫീസ്, കോഴിക്കോട്
5. ഓഫീസ് പകർപ്പ്
6. കരുതൽ ഫയൽ
7. വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്